LIBRARY ARCHIVES Kerala Legislative Assembly

പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്ന ആവശ്യം

172 [2610] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*

„ *വി. ജെ. പൗലോസ്:*

„ *ജി. കാർത്തികേയൻ:*

„ *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് പുനർവിഭജനം സംബന്ധിച്ച് ഇക്കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ എത്ര കമ്മീഷനുകൾ രൂപവൽക്കരിക്കപ്പെട്ടു;

(ബി) ഈ കമ്മീഷനുകൾ അവയുടെ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ;

(സി) എവിടെയെല്ലാം പുതിയ താലൂക്കുകൾ രൂപീകരിക്കാൻ ഈ കമ്മീഷനുകൾ ശുപാർശ ചെയ്തിട്ടുണ്ട്;

(ഡി) ഇപ്പോൾ എവിടെയെല്ലാം പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്?

ഉത്തരം

(എ) 4 കമ്മീഷനുകൾ.

(ബി) ഇവയിൽ രണ്ട് കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിച്ചു.

(സി) പ്രസ്തുത കമ്മീഷനുകളുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ചില്ല (അനുബന്ധമായി ചേർത്തിരിക്കുന്നു).†

(ഡി) പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്ന ആവശ്യം എല്ലാ ജില്ലകളിൽനിന്നും ഉയർന്നിട്ടുണ്ട്.

താലൂക്ക് രൂപീകരണം

173 [2611] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി താലൂക്കുകൾ രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര താലൂക്കുകൾ, ഏതൊക്കെ ജില്ലകളിൽ രൂപീകരിക്കുമെന്നും അതിന്റെ ആസ്ഥാനം എവിടെയായിരിക്കുമെന്നും വ്യക്തമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) & (ബി) താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യു കമ്മീഷണർ) ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായതിനുശേഷമേ പുതിയ താലൂക്ക് രൂപീകരണം എന്ന ആവശ്യം പരിഗണിക്കാനാവൂ.

പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി

174 [2612] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് സംസ്ഥാനത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ ഘടനയും അധികാരവും എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് ഒരു നാച്വറൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചിരുന്നു.

(ബി) കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. മുത്തുനായകം ചെയർമാനും ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട മറ്റ് 8 അംഗങ്ങളും ഉൾപ്പെട്ടതാണ് പ്രസ്തുത സമിതി.

മിച്ചഭൂമി സ്വകാര്യവ്യക്തികൾ പതിച്ചെടുത്തതിനെ സംബന്ധിച്ച്

175 [2613] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പട്ടം വില്ലേജിലെ പഴയ സർവ്വേ നമ്പർ 2153/ബി-യിൽ ഉൾപ്പെട്ട മിച്ചഭൂമി സ്വകാര്യവ്യക്തികൾ പതിച്ചെടുത്തതിനെ സംബന്ധിച്ച് കുന്നുകുഴി വാർഡ് കോൺ. കമ്മിറ്റി സമർപ്പിച്ച പരാതിപ്രകാരം സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly